DESPATCHED
On. 24/01/2020
16/01/2020



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ **CP 1039(1)/2019/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.19712/SIC-Gen4/2019**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ഇ.റ്റി. വർഗീസ്,
ഏറത്തു വീട്ടിൽ,
ആർപ്പൂക്കര,
വില്ലൂന്നി പി.ഒ.,
കോട്ടയം. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
തൊഴിലും, നൈപുണ്യവും (എച്ച്) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 31.10.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.11.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 30.11.2019 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 2.12.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.12.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 4.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 13.1.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം | പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായി. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഇ.റ്റി. വർഗീസ്, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചിട്ടുള്ള ആക്ഷേപങ്ങൾ വ്യക്തമായിരുന്നില്ല. ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷയിലും വളരെയധികം അവ്യക്തതയുണ്ടെന്നു കാണുന്നു. ഹർജിക്കാരന് എന്തു വിവരമാണ് ആവശ്യമായത് എന്ന് മേൽപ്പടി അപേക്ഷയിലും ടിയാൻ വ്യക്തമാക്കിയിട്ടില്ല.

2. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ 18.11.2019 തീയതി തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിൽ ലഭിക്കുകയുണ്ടായി എന്നും ഹർജിക്കാരൻ വിവിധ ഉദ്യോഗസ്ഥർ മുമ്പാകെ സമർപ്പിച്ച അപേക്ഷകളിലും മറ്റും മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കാത്തത് സംബന്ധിച്ചും ക്ഷേമനിധി ഓഫീസിൽ വരുത്തിയ വീഴ്ചകളെ കുറിച്ചുമാണ് പരാമർശിച്ചിരിക്കുന്നത് എന്നും പ്രശ്നങ്ങൾ പരിഹരിക്കുക, അപേക്ഷകൻ ഉദ്ദേശിക്കുന്ന രീതിയിൽ മറുപടി നൽകുക എന്നതും മറ്റും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിൽ നിന്നും ഹർജിക്കാരന് ലഭ്യമാക്കാവുന്ന യാതൊരു രേഖയും വിവരവും മറച്ചു വച്ചിട്ടില്ലെന്നും മറ്റുമാണ്.

3. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കോട്ടയം ജില്ലാ കളക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് വ്യക്തമായി നൽകിയിട്ടില്ലെന്നാണ്. ആയത് വിവരാവകാശ കമ്മീഷന് മുമ്പിൽ ലഭ്യമല്ലാത്ത അപേക്ഷ സംബന്ധിച്ചാണെന്നു ഹർജിക്കാരനെ ബോദ്ധ്യപ്പെടുത്തുന്നു. കോട്ടയം ജില്ലാ കളക്ടറേറ്റിൽ നിന്നാണ് വിവരങ്ങൾ ലഭ്യമാക്കേണ്ടതെങ്കിൽ മേൽപ്പടി വിവരം എന്താണെന്ന് വ്യക്തമാക്കി ഹർജിക്കാരൻ കോട്ടയം ജില്ലാ കളക്ടർ മുമ്പാകെ വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകുകയാണ് വേണ്ടത്. അപ്രകാരം പ്രവർത്തിക്കാമെന്ന് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk